# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. റ്റി. ജയപ്രകാശിന് കെ. എസ് & എസ്.എസ്. ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം ഡെപ്യൂട്ടി ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)ന. 1265/2015/തസ്വഭവ                തീയതി, തിരുവനന്തപുരം 28/04/2015

==========================================================================

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 06.04.2015-ലെ ഇ11-6617/2015 നമ്പർ കത്ത്

## ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. റ്റി. ജയപ്രകാശ് 30.04.2015-ൽ വിരമിക്കുന്നതിനാൽ തനിക്ക് അർഹതപ്പെട്ട ഉദ്യോഗക്കയറ്റം നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ടി താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകണമെന്നാവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന്റെ സീനിയറായ തിരുവനന്തപുരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എസ്. പ്രകാശിനെതിരെ അച്ചടക്ക നടപടി നിലനിൽക്കുന്നതിനാലും സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാലും ടിയാനെ ഇപ്പോൾ ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കേണ്ടതായിട്ടില്ല എന്നും ടിയാന്റെ തൊട്ടടുത്ത ജൂനിയറായ കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. റ്റി. ജയപ്രകാശിനെതിരെ അച്ചടക്ക നടപടികൾ ഒന്നും നിലവിലില്ലാത്തതിനാലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതിനാലും ടിയാന് അർഹതപ്പെട്ട ഉദ്യോഗക്കയറ്റം നഷ്ടപ്പെടാതിരിക്കുവാൻ കെ. എസ് & എസ്.എസ്. ആർ, ഭാഗം II, ചട്ടം 31 എ (i) പ്രകാരം താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകാവുന്നതാണ് എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സെലക്ട് ലിസ്റ്റ് ഇല്ല. തിരുവനന്തപുരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പ്രകാശാണ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സീനിയർ മോസ്റ്റ്. ടിയാനെതിരെ സർക്കാർ കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിച്ച് കുറ്റപത്രം നൽകിയിട്ടുണ്ട്. കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നതിനാൽ നിലവിലുള്ള ചട്ടപ്രകാരം ടിയാന് ഉദ്യോഗക്കയറ്റത്തിന് അർഹതയില്ല. എന്നാൽ തൊട്ടടുത്ത ജൂനിയറായ കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. റ്റി. ജയപ്രകാശ് 30.04.2015-ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയാണ്. ടിയാനെതിരെ യാതൊരു അച്ചടക്കനടപടികളും നിലനിൽക്കുന്നില്ല. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുമുണ്ട്.

ടിയാൻ വിരമിക്കുന്നതിന് മുമ്പ് ഡി.പി.സി. ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കി ടിയാന് ക്രമപ്രകാരമുള്ള ഉദ്യോഗക്കയറ്റം നൽകാൻ സാധിക്കുകയുമില്ല.

ഈ സാഹചര്യത്തിൽ കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. റ്റി. ജയപ്രകാശിന് കെ. എസ് & എസ്. എസ്. ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറായി നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി താൽക്കാലിക ഉദ്യോഗക്കയറ്റം അടുത്തുചേരുന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗത്തിൽ വച്ച് ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കൃഷ്ണ ശർമ്മ. പി,**
അഡീഷണൽ സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

1. ശ്രീ. റ്റി. ജയപ്രകാശ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കൊല്ലം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശൂർ.
5. ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട/കൊല്ലം
6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (24.04.2015-ലെ 7928/ബി2/2015/ഉഭപവ നമ്പർ റിമാർക്സ് പ്രകാരം)
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. വെബ് & ന്യൂമീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ